ഉത്തരം

(എ)&(ബി) ട്രാവൻകൂർ സിമന്റ്സ് പരസ്യത്തിനായി 1996-97 മുതൽ 1998-99 വരെ വർഷങ്ങളിൽ ചെലവാക്കിയ തുകയുടെ തരംതിരിച്ചുള്ള കണക്ക് അനുബന്ധമായി വച്ചിട്ടുണ്ട്. †

263 (1442) ട്രാവൻകൂർ സിമന്റ്സ് ഡീലേഴ്സ് മീറ്റിംഗ്

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ സിമന്റ്സ് അതിന്റെ ഉല്പന്നത്തിന്റെ വിപണനം വർദ്ധിപ്പിക്കുവാൻ ഡീലേഴ്സ് മീറ്റിംഗ് നടത്താറുണ്ടോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര ഡീലേഴ്സ് മീറ്റിംഗുകൾ നടത്തി;

(സി) അതിനുവേണ്ടി ഒട്ടാകെ എന്തു തുക ചെലവാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇരുപത് ഡീലേഴ്സ് മീറ്റിംഗുകളും മൂന്ന് സ്റ്റോക്കിസ്റ്റ് മീറ്റിംഗുകളും നടത്തിയിട്ടുണ്ട്.

(സി) ഡീലേഴ്സ് മീറ്റിംഗിനു വേണ്ടി 6,05,000 രൂപയും 3 സ്റ്റോക്കിസ്റ്റ് മീറ്റിംഗിനു വേണ്ടി 90,000 രൂപയും ചെലവാക്കിയിട്ടുണ്ട്.

264 (1443) ട്രാവൻകൂർ ഇലക്ട്രിക്കൽ ലിമിറ്റഡിന്റെ പുനരുദ്ധാരണം

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ ഇല ക്ട്രിക്കൽസിന്റെ പുനരുദ്ധാരണത്തിനായി സംസ്ഥാന സർക്കാർ സ്വീകരിച്ചിരി ക്കുന്ന നടപടികൾ എന്തൊക്കെയാണ്;

(ബി) ടെൽക്കിന്റെ കഴിഞ്ഞ 5 വർഷക്കാലത്തെ ലാഭനഷ്ടങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ സ്ഥാപനത്തിന്റെ ഉൽപ്പന്നങ്ങളുടെ ഡൈവേഴ്സിഫിക്കേ ഷന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്താണ്;

(ഡി) ടെൽക്കിൽ എത്ര തൊഴിലാളികൾ ഉണ്ട്; മാനേജിംഗ് സ്റ്റാഫ് എത്രയുണ്ട്; തൊഴിലാളികൾക്കും ഉദ്യോഗസ്ഥൻമാർക്കും ഓരോ വിഭാഗ ത്തിനും പ്രതിമാസം ശമ്പളം നൽകാൻ എത്ര രൂപ വേണം;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ടെൽക്കിലെ ജീവനക്കാരുടെ ദീർഘകാല കരാർ എന്തായി; ഇതിനുള്ള ചർച്ച ആരംഭിച്ചുവോ; ഇന്നത്തെ പരിതസ്ഥിതിയിൽ ചർച്ച നീണ്ടു പോകുന്നതുകൊണ്ട് 1000 രൂപ വച്ച് ഇടക്കാലാശ്വാസം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബി.ഐ.എഫ്.ആർ. അംഗീകരിച്ച പുനരുദ്ധാരണ പദ്ധതി പ്രകാരം സാമ്പത്തികസ്ഥാപനങ്ങൾക്ക് ഒൺടൈം സെറ്റിൽമെന്റിനായി നൽകേണ്ട കുടിശ്ശികയുള്ള 12.62 കോടി രൂപ പണമായി സർക്കാർ ടെൽക്ക് ലിമിറ്റഡിനു നൽകി. ഇതുകൂടാതെ വിൽപ്പനനികുതി കുടിശ്ശികയായ 12.2 കോടി രൂപയും സർക്കാർ ഗ്യാരണ്ടി കമ്മീഷൻ തുകയായ 4.05 കോടി രൂപയും, കമ്പനി പുനരുദ്ധാരണ കാലയളവിൽ തിരിച്ചടയ്ക്കുന്നത് മാറ്റിവെച്ചിട്ടുണ്ട്. കമ്പനിയിൽ പിന്നിടുണ്ടായ പ്രവർത്തന മൂലധന ശോഷണം പരിഹരിച്ച് പ്രവർത്തനം സുഗമമാക്കുന്നതിന് 1999-ൽ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽ നിന്ന് നാല് കോടി രൂപയും കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് ബോർഡിൽനിന്നും (കെ.ഐ.ആർ.എഫ്.സി) പത്ത് കോടി രൂപയും ഹ്രസ്വകാല വായ്പകൾ നൽകിയിട്ടുണ്ട്.

(ബി) ലാഭം നഷ്ടം(+)(-) - രൂപ ലക്ഷത്തിൽ

1994 - 1995	(+)	669
1995 - 1996	(+)	260
1996 - 1997	(+)	168
1997 - 1998	(+)	169
1998 - 1999	(-)	1099

1997-98-ലെയും 1998-99-ലെയും കണക്കുകൾ ആഡിറ്റിനു വിധേയമാണ്.

(സി) കമ്പനിയിൽ ഡൈവേഴ്സിഫിക്കേഷനുള്ള പദ്ധതികളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ഡി) തൊഴിലാളികൾ - 1165 എണ്ണം മാനേജ്മെന്റ് സ്റ്റാഫ്/ഉദ്യോഗസ്ഥൻമാർ - 378 തൊഴിലാളികൾക്ക് - 74,42,667 രൂപയും മാനേജ്മെന്റ് സ്റ്റാഫ്/ഉദ്യോഗസ്ഥൻമാർക്ക് 40,97,722 രൂപയും പ്രതിമാസം ശമ്പളം നൽകാൻ വേണം.

(ഇ) ദീർഘകാല കരാർ സംബന്ധിച്ച് തൊഴിലാളി യൂണിയനുകൾ സമർപ്പിച്ചിട്ടുള്ള 'ചാർട്ടർ ഓഫ് ഡിമാന്റി'നെക്കുറിച്ച് ചർച്ചകളൊന്നും തുടങ്ങിയിട്ടില്ല. കമ്പനികളുടെ സാമ്പത്തിക ബുദ്ധിമുട്ട് കണക്കിലെടുത്ത് ജീവനക്കാർക്ക് ഇടക്കാലാശ്വാസമായി തുകയൊന്നും നൽകാൻ ഇപ്പോൾ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly